## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4972 24.07.2015-ൽ മറുപടിക്ക്

### ചേർത്തല താലൂക്കിൽ നബാർഡ് സഹായത്തോടെയുള്ള ശുദ്ധജല വിതരണം

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) ചേർത്തല താലൂക്കിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി നബാർഡ് എത്രകോടി രൂപ അനുവദിച്ചു വെന്നും ആയതിന്റെ വിനിയോഗം എപ്രകാരമായിരിക്കുമെന്നും വ്യക്തമാക്കുമോ ; പ്രസ്തുത തുക വിനിയോഗിച്ച് ചേർത്തലയിലെ ഏതെല്ലാം മേഖലകളിൽ കുടിവെള്ളമെത്തിക്കാൻ സാധിക്കുമെന്നും എത്ര പേർക്ക് പുതുതായി കുടിവെള്ളം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ ; | (എ) ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ലൈൻ എക്സ്റ്റൻഷനായി നബാർഡിന്റെ ധനസഹായമായി 5147.09 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടിതുകയും സംസ്ഥാന വിഹിതവും ഉപയോഗിച്ച് ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് ആവശ്യമായ പൈപ്പ് ലൈൻ ഏകദേശം 800 കി.മീ. ദീർഘിപ്പിക്കുന്നതിന് സാധിക്കും. ചേർത്തല താലൂക്കിലെ കഞ്ഞിക്കുഴി, മുഹമ്മ, വയലാർ, തണ്ണീർമുക്കം, ചേർത്തല സൗത്ത്, മാരാരിക്കുളം, അരൂർ, തുറവൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം, അരൂക്കുറ്റി, പാണാവള്ളി, പെരുമ്പളം, കടക്കരപ്പള്ളി, പട്ടണക്കാട് എന്നീ പഞ്ചായത്തുകളിലെ 7,50,804 പേർക്ക് ഇതിലൂടെ പുതുതായി കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കും. |

| | | | |
|---|---|---|---|
| ബി) | ചേർത്തല നഗരസഭാ പ്രദേശങ്ങളിലെ പിന്നാക്ക മേഖലകളിൽ കുടിവെള്ളമെത്തിക്കുന്നതിന് പ്രസ്തുത തുക വിനിയോഗിക്കപ്പെടുമോ എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (ബി) & സി) | ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടിയാണ് കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്നും ധനസഹായം ലഭിക്കുന്നത്. ആയതിനാൽ ചേർത്തല നഗരസഭാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കുടിവെള്ളമെത്തിക്കുന്നതിന് ടിതുക വിനിയോഗിക്കാൻ അനുമതി ലഭിക്കുകയില്ല. |
| സി) | പ്രസ്തുത തുക വിനിയോഗിച്ച് നഗരസഭാ പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരും മറ്റ് പിന്നാക്ക വിഭാഗങ്ങളും താമസിക്കുന്ന മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ